ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലെ എൽ.ഡി.സി. ഒഴിവുകൾ

14 [1983] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ എൽ.ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ട്രഷറി വകുപ്പിൽ 7 എൽ.ഡി.സി. (ജൂനിയർ അക്കൗണ്ടന്റ്) ഒഴിവുകൾ ഉണ്ട്. ഇൻഷ്വറൻസ് വകുപ്പിൽ ടി തസ്തികയിൽ നിലവിൽ ഒരു ഒഴിവും ഇല്ല.

(ബി) ട്രഷറി വകുപ്പിൽ ഒഴിവ് വന്നിട്ടുള്ള 7 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

കാർഷികാദായ/വാണിജ്യ നികുതിപ്പിരിവും സർക്കാർ സ്റ്റേയും

15 [1984] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യ നികുതി, കാർഷികാദായ നികുതി എന്നിവയുടെ പിരിവ് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷക്കാലത്ത് ഓരോ വർഷവും പിരിച്ചെടുക്കാൻ കഴിഞ്ഞ നികുതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നികുതി പിരിവിന് സർക്കാർ ലക്ഷ്യമിട്ടിരുന്നതും, പിരിച്ചെടുക്കാൻ കഴിയാത്ത തുകയും താരതമ്യം ചെയ്യുമോ;

(ഡി) ഈ കാലയളവിൽ വിവിധ കാരണങ്ങളാൽ ആകെ എത്ര തുകയുടെ നികുതി പിരിവ് സർക്കാർ സ്റ്റേ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) നികുതി പിരിവ് ലക്ഷ്യം കൈവരിക്കുന്നതിന് വളരെ പിന്നോക്കം പോയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് വാണിജ്യ നികുതി ഇനത്തിൽ 6081.13 കോടി രൂപയും കാർഷികാദായ നികുതി ഇനത്തിൽ 8.59 കോടി രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ബി) കഴിഞ്ഞ മൂന്ന് വർഷക്കാലത്ത് വാണിജ്യ നികുതി ഇനത്തിലും, കാർഷികാദായ നികുതി ഇനത്തിലും പിരിച്ചെടുത്ത തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ വാണിജ്യ നികുതി, കാർഷികാദായ നികുതി എന്നീ ഇനങ്ങളിൽ സർക്കാർ ലക്ഷ്യമിട്ടിരുന്ന തുകയും പിരിച്ചെടുക്കാൻ കഴിയാത്ത തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.‡

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) നികുതി പിരിവ് ലക്ഷ്യം കൈവരിക്കുന്നതിന് പിന്നോക്കം പോയിട്ടില്ല. നേരിയ കുറവു മാത്രമാണ് ഉണ്ടായിട്ടുള്ളത്. മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ നികുതി പിരിക്കാൻ സാധിച്ചിട്ടുണ്ട്.

വിൽപ്പന നികുതിയിൽ കുറവു വരുത്തിയതും ഒഴിവാക്കിയതുമായ വസ്തുക്കൾ

16 [1985] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വസ്തുക്കളുടെ വിൽപ്പന നികുതിയിൽ കുറവു വരുത്തിയിട്ടുണ്ടെന്നും ഏതെല്ലാം വസ്തുക്കളെ പൂർണ്ണമായും വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഫലമായി പ്രസ്തുത വസ്തുക്കളുടെ വിൽപ്പന വർദ്ധിച്ചിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിൽപ്പന നികുതിയിൽ കുറവു വരുത്തിയിട്ടുള്ള വസ്തുക്കളുടേയും വിൽപ്പന നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ള വസ്തുക്കളുടേയും വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത വസ്തുക്കളുടെ വിൽപ്പനയിലുള്ള വർദ്ധനവിനെ സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല.

---

† അനുബന്ധം IX

‡ അനുബന്ധം IX-എ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം 15 (1984) കാണുക]

വർഷം	വാണിജ്യ നികുതി	കാർഷികാദായ നികുതി
2001-02	4440.85 കോടി രൂപ	1.86 കോടി രൂപ
2002-03	5380.63 കോടി രൂപ	6.76 കോടി രൂപ
2003-04	6081.13 കോടി രൂപ	8.59 കോടി രൂപ

അനുബന്ധം IX (എ)

[നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം 15 (1984) കാണുക.]

വാണിജ്യ നികുതി

(തുക കോടിയിൽ)

വർഷം	ലക്ഷ്യമിട്ടിരുന്ന തുക	പിരിച്ചെടുത്ത തുക	ലക്ഷ്യത്തിൽ കുറവുവന്ന തുക
2001-02	4865.51	4440.85	424.66
2002-03	5400.00	5380.63	19.37
2003-04	6200.00	6081.13	118.87

കാർഷികാദായ നികുതി

(തുക കോടിയിൽ)

വർഷം	ലക്ഷ്യമിട്ടിരുന്ന തുക	പിരിച്ചെടുത്ത തുക	ലക്ഷ്യത്തിൽ കുറവുവന്ന തുക
2001-02	5.00	1.86	(-) 3.14
2002-03	2.61	6.76	(+) 4.15
2003-04	4.03	8.59	(+) 4.56

2/947/2012—42a

LIBRARY ARCHIVES Kerala Legislative Assembly